(എഫ്) ഇതു സംബന്ധിച്ച് തിരുവനന്തപുരം മുൻസിഫ് കോർട്ടിൽ നിന്നും എന്തെങ്കിലും ഉത്തരവു ലഭിച്ചിട്ടുണ്ടോ;

(ജി) കോടതി ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(എച്ച്) പരാതിക്കിടയാക്കിയ വർക്ക്ഷോപ്പ് അടിയന്തിരമായി അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2/737-ാം നമ്പർ വീടിനോട് ചേർന്ന് ഒരു മോട്ടോർ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്.

(ബി) 2/737-ാം നമ്പർ വീടിനോട് ചേർന്ന് പ്രവർത്തിക്കുന്ന മോട്ടോർ വർക്ക്ഷോപ്പിന് ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) 20.2.1999-ലെ ബി1-75/98-99-ാം നമ്പർ ലൈസൻസ് പ്രകാരം 31.3.1999 വരെ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ലൈസൻസ് നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി)&(എച്ച്) കോടതിയിൽനിന്നും പഞ്ചായത്തിന് നിർദ്ദേശം ഒന്നും നൽകിയിട്ടില്ല. എന്നാൽ ആവശ്യമാണെന്നു പഞ്ചായത്തിന് ബോധ്യമാകുകയാണെങ്കിൽ വർക്ക്ഷോപ്പ് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

72 (1823) ഗ്രാമ പഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ

ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ പലതും കത്തുന്നില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബൾബും മറ്റു സാധനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകിയാലും അവ യഥാസമയം മാറ്റുന്നതിനും റിപ്പയറുകൾ ചെയ്യുന്നതിനും സാധിക്കുന്നില്ല എന്നുള്ള വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു മാർഗ്ഗമാണ് സ്വീകരിക്കേണ്ടത് എന്നു നിർദ്ദേശിക്കുമോ?

ഉത്തരം

(എ)&(ബി) ബൾബുകളും മറ്റും ഗ്രാമപഞ്ചായത്തുകൾ വാങ്ങി നൽകുന്നതുകൊണ്ട് ബന്ധപ്പെട്ട വാർഡുമെമ്പറുടെ നിയന്ത്രണത്തിൽ തെരുവുവിളക്കുകൾ യഥാസമയം പുനഃസ്ഥാപിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly